(ഡി) കുടുംബ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്യാൻസർ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യം നൽകുന്നത് ഉചിതമല്ല എന്ന് ബോധ്യപ്പെട്ടതിനാൽ നിലവിൽ ക്യാൻസർ രോഗത്തിന് ചികിത്സയിലായിരിക്കുന്ന യോഗ്യതയുള്ള എല്ലാ കുട്ടികൾക്കും കുടുംബവരുമാനം മാനദണ്ഡമാക്കാതെ തന്നെ ക്യാൻസർ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിക്കൊണ്ട് 18-2-2010-ലെ സ.ഉ.(സാധാ)91/2010/സാക്ഷേവ പ്രകാരം ഉത്തരവായിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ സേവനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ

15 (*225) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. ബി. രാഘവൻ :
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ സേവനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര ഷെഡ്യൂളുകൾ ആരംഭിച്ചു ;

(സി) ആദായകരമല്ലാത്ത ഷെഡ്യൂളുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ ;

(ഡി) മലബാർ മേഖലയിൽ കെ.എസ്.ആർ.ടി.സി.യുടെ സേവനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) പുതുതായി നിരത്തിലിറക്കിയിട്ടുള്ള വാഹനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ;

(എഫ്) സർവ്വീസ് രംഗം മെച്ചപ്പെടുത്തുന്നതിനായി പുതുതായി എത്ര ബസ് സ്റ്റേഷനുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സർ,

(എ) K.S.R.T.C.-യുടെ സേവനം മെച്ചപ്പെടുത്തുന്നതിലേക്കായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. താരതമ്യേന കുറഞ്ഞ ചിലവിൽ ഈടുറ്റതും യാത്രക്കാർക്ക് സൗകര്യ പ്രദമായി യാത്ര ചെയ്യുവാൻ ഉതകുന്നതുമായ ബസുകൾ നിരത്തിലിറക്കാൻ തീരുമാനിച്ചു

2. നിർജ്ജീവമായി കിടന്ന വർക്ക്ഷോപ്പുകൾ പുനരുദ്ധരിക്കുവാൻ നടപടികൾ സ്വീകരിച്ചു. കെ.എസ്.ആർ.ടി.സി.-യുടെ വർക്ക്ഷോപ്പുകളിൽ തന്നെ ബസ്ബോഡികൾ നിർമ്മിക്കാൻ തക്കവണ്ണം സജ്ജമാക്കി

LIBRARY ARCHIVES Kerala Legislative Assembly

3. ഇതുവരെ 2628 ബസ്സുകൾ പണിതിറക്കി 2005 കാലയളവിൽ പുറമേ നൽകി പണി കഴിപ്പിച്ച ബസ്സുകളുടെ ചെലവിനേക്കാൾ ശരാശരി 1,03,893 രൂപ കുറവിൽ ബസ്സുകൾ പണിതിറക്കി

4. K.S.R.T.C.-വർക്ക്ഷോപ്പുകൾക്ക് അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതിന്റെ ഫലമായി സെൻട്രൽ വർക്സിന് 'B' ക്ളാസ് പദവിയിലുള്ള അക്രഡിറ്റേഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

5. ഇന്ധനക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ഡ്രൈവർമാർക്കും മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്കും തക്ക പരിശീലനം നൽകിവരികയും ചെയ്യുന്നു. തത്ഫലമായി 3.84 ആയിരുന്ന KMPL4.28 വരെ വർദ്ധിപ്പിക്കുവാനും അതിലൂടെ ഇന്ധനചെലവ് കുറയ്ക്കാനും കഴിഞ്ഞിട്ടുണ്ട്.

6. അടിയ്ക്കടി ഉണ്ടാകുന്ന ഡീസൽ വിലവർദ്ധന മൂലമുള്ള അധികചെലവ് കണക്കിലെടുത്ത് ഒരു പകരം സംവിധാനത്തെക്കുറിച്ച് ആലോചിക്കുകയും ഡീസലിനുപകരം CNG ഉപയോഗിക്കുന്നതിന്റെ സാധ്യതകൾ ആരായുവാൻ GAIL-ന് നിർദ്ദേശം നൽകുകയും തുടർ നടപടികളുമായി മുന്നോട്ടു പോകുകയും ചെയ്തുവരുന്നു.

7. മെക്കാനിക്കൽ വിഭാഗത്തിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുകയും അവരെ പുതിയതരം ബസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുന്നതിലേക്കായി ആവശ്യമായ പരിശീലനം നൽകിവരികയും ചെയ്യുന്നു.

(ബി) 1188.

(സി) കിലോമീറ്ററിന് 15 രൂപയ്ക്ക് താഴെ വരുമാനം ലഭിക്കത്തക്കവിധത്തിൽ ക്രമീകരിക്കുന്നതിനും, പുനഃക്രമീകരിച്ചാലും 15 രൂപയോ അതിനുമുകളിലോ വരുമാനം ലഭിക്കാത്ത സർവ്വീസുകൾ റദ്ദാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മലയോര മേഖലകളിലേക്കും, ആദിവാസി മേഖലകളിലേക്കും അനുവദിക്കപ്പെട്ടിട്ടുള്ള നാമമാത്രമായ സർവ്വീസുകൾ ഒരു കാരണവശാലും നിർത്തലാക്കാൻ പാടില്ലായെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്. മലബാർ മേഖലയിൽ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിലേക്കായി സൂപ്പർ ക്ളാസ് ബസ്സുകളുൾപ്പെടെ കൂടുതൽ ബസ്സുകൾ എല്ലാ ജില്ലകളിലും അനുവദിക്കുകയുണ്ടായി. കൂടാതെ വലിയ ബസ്സുകൾ സർവ്വീസ് നടത്താൻ കഴിയാത്ത റൂട്ടുകളിൽ ഷോർട്ട് വീൽ ബസ്സുകളും അനുവദിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ മേഖലയിൽ മാത്രം 351 മലബാർ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. പുറമേ, പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഒട്ടേറേ ചെയിൻ സർവ്വീസുകളും ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പൊതുഗതാഗത രംഗത്തെ കെ.എസ്.ആർ.ടി.സി.-യുടെ

LIBRARY ARCHIVES Kerala Legislative Assembly

സാന്നിദ്ധ്യം 13 ശതമാനത്തിൽനിന്ന് 27 ശതമാനമായി വർദ്ധിപ്പിക്കുന്നതിന് മലബാർ മേഖലയിൽ ആരംഭിച്ച പുതിയ സർവ്വീസുകൾ സഹായകമായിട്ടുണ്ട്. സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബസ് സ്റ്റേഷൻ നിർമ്മാണം നടന്നുവരുന്നു. കാസർഗോഡ്, തുളുനാട് ബസ് ടെർമിനൽ നിലവിൽ വന്നു കഴിഞ്ഞു. കാഞ്ഞങ്ങാട് ഓപ്പറേറ്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

(ഇ) 2651 വാഹനങ്ങൾ നിരത്തിലിറക്കി.

എ.സി.	20
സൂപ്പർ ഡീലക്സ്	30
എക്സ്പ്രസ്സ്	83
സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ്സ്	338
ഫാസ്റ്റ് പാസഞ്ചർ	937
അനന്തപുരി ഫാസ്റ്റ്	223
ഓർഡിനറി	777
എസ്.ഡബ്ല്യൂ.ബി.	240
വോൾവോ	3
ആകെ	2651

(എഫ്) സർവ്വീസ് രംഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തലശ്ശേരിയിൽ സബ് ഡിപ്പോയും പിറവം, ആര്യങ്കാവ് എന്നിവിടങ്ങളിൽ ഓപ്പറേറ്റിംഗ് സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് ഓപ്പറേറ്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ജല അതോറിറ്റിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി

16 (*226) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. വി. ശശികുമാർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലനയത്തിന്റെ അടിസ്ഥാനത്തിൽ കേരള ജല അതോറിറ്റിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും മുടങ്ങിക്കിടന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly